


## കെ.ടിയുടെ പ്രസ്ഥാന യാത്രകൾ - 3




- കെ.ടി അബ്ദുർറഹീം
- സദ്റുദ്ദീൻ വാഴക്കാട്


# പാലക്കാട്ടെ ബീഡിക്കമ്പനികൾ

ബീഡി കമ്പനിയുടെ മുകളിലെ മദ്റസയിൽ ബെഞ്ചുണ്ട്. അതിൽ കിടക്കും. വസ്ത്രങ്ങളും മറ്റും ഇട്ടിരുന്ന ബാഗ് തലയിണയാക്കും, ഉറങ്ങും. എനിക്ക് അങ്ങനെയും ഉറക്കം വരും. കക്കൂസ് ഇല്ല, കുളിമുറിയും. അടുത്തുള്ള ഗായത്രിപുഴയായിരുന്നു അതിനൊക്കെ ആശ്രയം. പല വീടുകളിലും പോയി ഭക്ഷണം കഴിക്കും. ഒന്നര വർഷക്കാലം അങ്ങനെ അവിടെ കഴിഞ്ഞു. അതൊരു ജീവിതം തന്നെയായിരുന്നു. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, നാം കടന്നുവന്ന വഴികൾ വല്ലാത്തൊരു പാഠമാണ്. ഒരുപാട് പ്രവർത്തകർ, നേതാക്കൾ അനുഭവിച്ചുതീർത്ത കഷ്ടപ്പാടുകളും ദുരിതങ്ങളും എത്രയാണ്. ഇന്ന് ഒരുപാട് വളർന്ന ജമാഅത്തും, നമുക്ക് കിട്ടിയിട്ടുള്ള സൗകര്യങ്ങളും എത്രയെത്ര ത്യാഗികളുടെ വിയർപ്പിലും കണ്ണീരിലുമാണ് കെട്ടിപ്പടുത്തിട്ടുള്ളത്. ഇത് മറന്നുപോകരുത്.

**ആലത്തൂർ!** പാലക്കാട് ജില്ലയിലെ കാർഷിക മേഖല. നീണ്ടുകിടക്കുന്ന നെൽപാടങ്ങളും അവക്കിടയിൽ കരിമ്പനകളും. ഗായത്രി പുഴ ആലത്തൂരിലൂടെ ഒഴുകുന്നു. പാലക്കാട്ടുനിന്ന് ഇരുപത്തിരണ്ട് കിലോമീറ്റർ അകലെയുള്ള പ്രദേശം അക്കാലത്ത് സാമ്പത്തികമായി വളരെ പിന്നിലായിരുന്നു. ബീഡിതെറുപ്പായിരുന്നു കൂടുതലാളുകളുടെയും തൊഴിൽ. കുറേ ബീഡികമ്പനികൾ അവിടെയുണ്ടായിരുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും ഇടതിങ്ങി താമസിക്കുന്ന, ഈ പിന്നാക്ക പ്രദേശത്തേക്കാണ് 1964-ൽ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തനത്തിനായി ഞാൻ ആദ്യം കടന്നുചെന്നത്.

ആലത്തൂരിൽ അന്നുണ്ടായിരുന്നത് ഒരു ബീഡി കമ്പനിയുടെ മുകളിൽ പ്രവർത്തിച്ചിരുന്ന മദ്റസത്തുൽ മനാറിൽ അധ്യാപകനായിരുന്നു ഞാൻ. ആപ്പിൾ ഫോട്ടോ ബീഡി കമ്പനിക്കാരുടേതായിരുന്നു ബിൽഡിംഗ്. അവർക്ക് ജമാഅത്തിനോട് അനുഭാവം ഉണ്ടായിരുന്നു. ആപ്പിൾ ബീഡിയുടെ ഉടമ എ.എസ് മുഹമ്മദ് കുട്ടിയും പിന്നീട് അദ്ദേഹത്തിന്റെ മക്കളും ജമാഅത്തിനെ പിന്തുണക്കുകയും സൗകര്യങ്ങൾ ചെയ്തുതരികയും ചെയ്തിരുന്നു. പരിമിതമായ സൗകര്യങ്ങൾ പോലും ഇല്ലായിരുന്ന അവിടെ കഷ്ടിച്ചാണ് മദ്റസ പ്രവർത്തിച്ചത്. നാൽപതു രൂപയായിരുന്നു ശമ്പളം. രാവിലെയും വൈകുന്നേരവും മദ്റസയിൽ കുട്ടികൾക്ക് ക്ലാസ്സുണ്ടാകും. ബാക്കിയുള്ള സമയം ജമാഅത്ത് പ്രവർത്തനവുമായി ആലത്തൂരിലും സമീപ പ്രദേശങ്ങളിലും ചുറ്റിക്കറങ്ങും. ക്ലാസ്സുകൾ എടുക്കും. പ്രവർത്തകരെയും കൂട്ടി സ്ക്വാഡുകൾ പോകും. സമീപ പ്രദേശങ്ങളിലേക്കൊക്കെയുള്ള യാത്ര മിക്കവാറും കാൽനടയായാണ്. അതുകൊണ്ട് നടക്കുന്ന വഴികളിലെല്ലാമുള്ള ആളുകളുമായി ബന്ധപ്പെടാൻ അവസരം കിട്ടുമായിരുന്നു. ഒരുപാട് ആളുകളെ പരിചയപ്പെട്ടതും പ്രസ്ഥാനത്തിന്റെ സന്ദേശം കൈമാറിയതും ഈ നടത്തത്തിലൂടെയാണ്. തെരുവിലൂടെ, ഇടവഴികളിലൂടെയുള്ള നടത്തവും ഫലപ്രദമായ ഒരു സംഘടനാ പ്രവർത്തനമാണ് എന്നതിന്റെ ആദ്യാനുഭവമാണ് ആലത്തൂരിലെ റോഡുകളും നടപ്പാതകളും തന്നത്.

### ദാരിദ്ര്യം

ആലത്തൂരിലെ ജനങ്ങൾ പൊതുവെ സാമ്പത്തികമായി സീറോ ആയിരുന്നു. വിദ്യാഭ്യാസം കുറവ്; ദാരിദ്ര്യം കൂടുതൽ. ബീഡിതെറുപ്പും കൃഷിയുമായി ജീവിച്ചുപോകുന്ന സാധാരണക്കാരുടെ പ്രദേശം. പരിമിതരും, നിർധനരുമായ പ്രവർത്തകരാണ് ആലത്തൂരിലുണ്ടായിരുന്നത്. പക്ഷേ ഇസ്‌ലാമും ജമാഅത്തും അവർക്ക് വലിയ ആവേശമായിരുന്നു. എല്ലാ പരിമിതികൾക്കിടയിലും അവർ ജമാഅത്തിനെ നെഞ്ചേറ്റി. ആ മാർഗത്തിൽ പ്രവർത്തിച്ചുകൊണ്ടേയിരുന്നു. വാച്ച് റിപ്പയറിങ്ങും ഹോമിയോ

ചികിത്സയുമായി കഴിഞ്ഞിരുന്ന എ.പി അബ്ദുല്ല സാഹിബായിരുന്നു ഹൽഖാ നാസിം. ഇംഗ്ലീഷ്, അറബി, ഉർദു ഭാഷകളറിയുന്ന ബഹുഭാഷാ പണ്ഡിതനായിരുന്ന അദ്ദേഹം പട്ടാളത്തിൽ ജോലി ചെയ്തിരുന്നു. ജമാഅത്തെ ഇസ്‌ലാമി കേരള മുൻ സെക്രട്ടറി എ. മുഹമ്മദലി സാഹിബിന്റെ ഭാര്യാ പിതാവാണ് അദ്ദേഹം. എ. മുഹമ്മദലി സാഹിബിന്റെ പിതാവ് അബ്ദുൽ ഖാദിർ, എ.പി അബ്ദുല്ല, പി.എ അബ്ദുൽ ഖാദർ എന്ന മലങ്കു മാസ്റ്റർ, യു. ഇബ്‌റാഹീം സാഹിബ്, യു. അസൈനാർ, അനിമുത്ത് മുസ്ത്വഫ, ഹാമിദ്ക്ക തുടങ്ങിയവരായിരുന്നു മറ്റു പ്രവർത്തകർ. അബ്ദുൽ ഖാദിർ സാഹിബ് മദ്റസയിൽ ക്ലാസ്സെടുത്തിരുന്നു. നൂർജഹാൻ ടെക്സ്റ്റയിൽസിന്റെ ഉടമ ജമാഅത്തിന്റെ അനുഭാവിയായിരുന്നു. സാമ്പത്തികശേഷിയുണ്ടായിരുന്ന അദ്ദേഹം പ്രസ്ഥാനത്തെ സഹായിക്കാറുണ്ടായിരുന്നു.

മറക്കാനാകാത്ത പ്രവർത്തകനാണ് ഹാമിദ്ക്ക. നല്ല സ്നേഹമുള്ള, ആവേശമുള്ള പ്രവർത്തകൻ. ഒരുപാട് സ്ക്വാഡുകൾ ഞങ്ങൾ ഒരുമിച്ച് നടത്തിയിട്ടുണ്ട്. പതിനെട്ട് കിലോമീറ്റർ ദൂരം പൊടിപാറുന്ന റോഡിലൂടെയും ചളി നിറഞ്ഞ വഴിയിലൂടെയും നടത്തിയ സ്ക്വാഡ് യാത്രകൾ ഒരിക്കലും മറക്കാൻ കഴിയില്ല.

മദ്റസ കഴിഞ്ഞാൽ പ്രധാന പ്രവർത്തനങ്ങളിലൊന്ന് ബീഡി തെറുപ്പ് കമ്പനികളിൽ ചെന്ന് തൊഴിലാളികളോട് സംസാരിക്കലായിരുന്നു. ബീഡി തെറുപ്പിൽ സഹായിക്കും. ഇസ്‌ലാമിനെയും ജമാഅത്തെ ഇസ്‌ലാമിയെയും കുറിച്ച് സംസാരിക്കും. നാം പറയുന്നത് അവർ ശ്രദ്ധയോടെ കേട്ടിരിക്കും. സൗഹൃദപരമായ സംവാദങ്ങൾ നടക്കും. മുപ്പത്- നാൽപത് പേരുണ്ടായിരുന്നു ഒരു ബീഡി കമ്പനിയിൽ. അവർ ഒരുമിച്ചാണ് ബീഡി തെറുക്കുക. കൂട്ടത്തിലൊരാൾ പത്രമോ പുസ്തകമോ ഉറക്കെ വായിക്കും. നല്ല വായനാശീലവും പഠനതാൽപര്യമുള്ളവരുമായിരുന്നു തൊഴിലാളികൾ. മാർക്സിസ്റ്റ് പാർട്ടിക്കായിരുന്നു കൂടുതൽ സ്വാധീനം. ചില ബ്രാഞ്ചുകളിൽ ജമാഅത്ത് പ്രവർത്തകരാണ് കൂടുതലുണ്ടായിരുന്നത്. ഇടതുപക്ഷ പ്രവർത്തകരുള്ള മറുഭാഗത്തെ ബ്രാഞ്ചുകളുമായി അവർ സംവാദത്തിലേർപ്പെടുമായിരുന്നു. ബീഡിതെറുപ്പ് കമ്പനികൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള വലിയൊരു താവളമായിരുന്നു.

പഴമ്പാലക്കോട്, പാടൂർ, പയമ്പാല, ചേലക്കര, തട്ടുകുടി, പഴയന്നൂർ.. ഒരുപാട് പ്രദേശങ്ങളിൽ ജമാഅത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിച്ച് നടത്തിയ യാത്രകൾ ഓർമയിൽ തെളിയുന്നു. ചില പ്രദേശങ്ങളിൽനിന്ന് എതിർപ്പുകളുമുണ്ടായി. വടക്കാഞ്ചേരിയിൽ കുറച്ച് മുസ്‌ലിയാക്കളുണ്ടായിരുന്നു; സമസ്തക്കാർ. അവർ പലതരം ചർച്ചകളും കൊണ്ടുവരും. പക്ഷേ നാം പൊതുവെ അതിലൊന്നും ഇടപെടാറുണ്ടായിരുന്നില്ല. അതുകൊണ്ട് നമ്മുടെ പ്രവർത്തനം അത്തരം വിഷയങ്ങളെക്കുറിച്ച തർക്കങ്ങളിൽ കെട്ടുപിണഞ്ഞു കിടക്കാറുണ്ടായിരുന്നില്ല. ഒരിക്കൽ അവർ ജമാഅത്തിനെ വിമർശിക്കാനായി വാണിയമ്പലം അബ്ദുർറഹ്മാൻ മുസ്‌ലിയാരെ കൊണ്ടുവന്നു. സമസ്തക്ക് നല്ല സ്വാധീനമുള്ള പ്രദേശമായിരുന്നു അത്. ജമാഅത്തിന് നാലോ അഞ്ചോ അനുഭാവികൾ മാത്രം. കുറച്ച് നാളുകൾക്ക് ശേഷം ജമാഅത്തിന്റെ ഒരു പരിപാടി അവിടെ സംഘടിപ്പിച്ചു. വാണിയമ്പലത്തിനുള്ള മറുപടി പ്രസംഗമായിരുന്നില്ല, ജമാഅത്തിനെ പരിചയപ്പെടുത്തുന്ന ഒരു പ്രസംഗമായിരുന്നു നടത്തിയത്. കെ. മൊയ്തു മൗലവിയായിരുന്നു പ്രസംഗകൻ. ഇസ്‌ലാമിനെക്കുറിച്ച് നല്ലൊരു പ്രസംഗം തന്നെ അദ്ദേഹം നടത്തി. ആദ്യമൊക്കെ വലിയ എതിർപ്പുകൾ ഉണ്ടായിരുന്നു. ക്ലാസ്സുകൾ നടക്കുമ്പോൾ കൂക്കിവിളിച്ചും ഉച്ചത്തിൽ റേഡിയോ തുറന്നുവെച്ചും തടസ്സപ്പെടുത്താൻ ശ്രമിക്കും. പിന്നീട് എതിർപ്പുകൾ കുറഞ്ഞുവന്നു. ഞാൻ പലപ്പോഴായി അവിടെ ക്ലാസ്സുകൾ എടുത്തിട്ടുണ്ട്. രാത്രി ക്ലാസ് കഴിഞ്ഞാൽ അവിടെ തന്നെ തങ്ങും. അതുവഴി പ്രവർത്തകരോട് കൂടുതൽ അടുക്കാനും അറിയാനും ഉറ്റബന്ധം സ്ഥാപിക്കാനും കഴിഞ്ഞിരുന്നു.



പി.എസ് അബ്ദുൽ ഖാദർ



ഖാസിം സാഹിബ്



ടി.എ അബ്ദുൽ ഖാദർ

**മദ്റസ കഴിഞ്ഞാൽ പ്രധാന പ്രവർത്തനങ്ങളിലൊന്ന് ബീഡി തെറുപ്പ് കമ്പനികളിൽ ചെന്ന് തൊഴിലാളികളോട് സംസാരിക്കലായിരുന്നു. ബീഡി തെറുപ്പിൽ സഹായിക്കും. ഇസ്‌ലാമിനെയും ജമാഅത്തെ ഇസ്‌ലാമിയെയും കുറിച്ച് സംസാരിക്കും. നാം പറയുന്നത് അവർ ശ്രദ്ധയോടെ കേട്ടിരിക്കും. സൗഹൃദപരമായ സംവാദങ്ങൾ നടക്കും.**

ഒന്നര വർഷക്കാലം ആലത്തൂരിൽ നിന്നു. പിന്നീട് എന്നെ പാലക്കാട്ടെ പ്രവർത്തനങ്ങളുടെ ചുമതല ഏൽപിച്ചു. ആലത്തൂരിലേക്ക്, എനിക്കു പകരം രണ്ടു പേരെ ജമാഅത്ത് നിയോഗിച്ചു. ശാന്തപുരം കോളേജിൽ പഠിച്ച കെ.ടി അബ്ദുർറഹ്മാനും അബൂബക്കറുമായിരുന്നു അവർ.

എനിക്ക് യാത്രയയപ്പ് തരാനും പുതിയ ആളുകൾ വരുന്ന വിവരം അറിയിക്കാനും വേണ്ടി ഒരു യോഗം വിളിച്ചുചേർത്തു. എസ്.എം. ഹനീഫ് സാഹിബാണ് അന്ന് ഫർഖാ കൺവീനർ. അദ്ദേഹവും യോഗത്തിൽ പങ്കെടുക്കുന്നുണ്ടായിരുന്നു. എന്റെ പ്രസംഗത്തിൽ ചില നിർദേശങ്ങൾ മുന്നോട്ടുവെച്ചു. "ശാന്തപുരത്ത് പഠിച്ച രണ്ടു പേരാണ് ഇവിടെ വരുന്നത്. അവർക്ക് അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഒരുക്കണം. കിടക്കാനും കുളിക്കാനും പ്രാഥമികാവശ്യങ്ങൾക്കും സൗകര്യം വേണം. പായയും വിരിപ്പും കൊടുക്കണം. ഒരു ടോയ്‌ലറ്റും വേണം. ഭക്ഷണം ഇവിടെ എത്തിച്ചുകൊടുക്കണം. ഞാൻ വീടുകളിൽ പോയാണ് ഭക്ഷണം കഴിച്ചിരുന്നത്. പള്ളിദർസിൽ പഠിച്ച ആളായതുകൊണ്ട് എനിക്കതൊക്കെ പരിചിതമാണ്. പക്ഷേ അവർ അങ്ങനെയല്ല. അവർക്ക് അതൊന്നും കഴിഞ്ഞുകൊള്ളണമെന്നില്ല...."

ഇതു കേട്ട എസ്.എം ഹനീഫ് സാഹിബ് ചോദിച്ചു, 'കിടക്കാനും കുളിക്കാനും പ്രാഥമികാവശ്യങ്ങൾക്കും ഇടമില്ലാതെ പിന്നെ നിങ്ങൾ എങ്ങനെ ഒന്നര വർഷം ഇവിടെ കഴിഞ്ഞു?' 'അതൊക്കെ പഴയ കാര്യമല്ലേ, അതൊന്നും ഇനി ചോദിക്കേണ്ട. എനി

ക്കതൊന്നും പ്രശ്നമല്ല. ഇനി വരുന്നവരുടെ കാര്യം ശ്രദ്ധിക്കണം' - ഞാൻ പറഞ്ഞു. ഹനീഫ് സാഹിബ് വിട്ടില്ല. 'എനിക്കതറിഞ്ഞേ പറ്റൂ, നിങ്ങൾ പറയണം'- അദ്ദേഹം നിർബന്ധിച്ചു.

ബീഡി കമ്പനിയുടെ മുകളിലെ മദ്റസയിൽ ബെഞ്ചുണ്ട്. അതിൽ കിടക്കും. വസ്ത്രങ്ങളും മറ്റും ഇട്ടിരുന്ന ബാഗ് തലയിണയാക്കും, ഉറങ്ങും. എനിക്ക് അങ്ങനെയും ഉറക്കം വരും. വിരിപ്പോ പുതപ്പോ ഒന്നും വേണ്ടിയിരുന്നില്ല. കക്കൂസ് ഇല്ല, കുളിമുറിയും. അടുത്തുള്ള ഗായത്രിപുഴയായിരുന്നു അതിനൊക്കെ ആശ്രയം. പല വീടുകളിലും പോയി ഭക്ഷണം കഴിക്കും. ഒന്നര വർഷക്കാലം അങ്ങനെ അവിടെ കഴിഞ്ഞു. അതൊരു ജീവിതം തന്നെയായിരുന്നു. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ, നാം കടന്നുവന്ന അത്തരം വഴികൾ വല്ലാത്തൊരു പാഠമാണ്. ഒരുപാട് പ്രവർത്തകർ, നേതാക്കൾ അനുഭവിച്ചുതീർത്ത കഷ്ടപ്പാടുകളും ദുരിതങ്ങളും എത്രയാണ്. ഇന്ന് ഒരുപാട് വളർന്ന ജമാഅത്തും, നമുക്ക് കിട്ടിയിട്ടുള്ള സൗകര്യങ്ങളും എത്രയെത്ര ത്യാഗികളുടെ വിയർപ്പിലും കണ്ണീരിലുമാണ് കെട്ടിപ്പടുത്തിട്ടുള്ളത്. ഇത് മറന്നുപോകരുത്.

## പാലക്കാട്ടേക്ക്

ജമാഅത്തെ ഇസ്‌ലാമിക്ക് ഏതാനും പ്രവർത്തകരും വാടകകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഒരു മദ്റസയുമാണ് പാലക്കാട് ടൗണിൽ അന്നുണ്ടായിരുന്നത്. അൽമദ്റസത്തുൽ ഇസ്‌ലാമിയ്യ, സ്കൂൾ പോലുള്ളൊരു കെട്ടിടം വാടകക്കെടുത്താണ് പ്രവർത്തിച്ചിരുന്നത്. അതിലെ പ്രധാനാധ്യാപകനും ജമാഅത്തിന്റെ പ്രവർത്തകനുമായാണ് ഞാൻ പാലക്കാട്ടെത്തിയത്. മറ്റു രണ്ട് അധ്യാപകർ കൂടി മദ്റസയിലുണ്ടായിരുന്നു. ഒരാൾ അടുത്ത പ്രദേശത്തെ സുന്നി പള്ളിയിലെ ഇമാമായിരുന്നു. നമ്മുടെ മദ്റസയിൽ പഠിപ്പിക്കുന്നതിന് അദ്ദേഹത്തിനോ സുന്നികൾക്കോ അന്ന് എതിർപ്പുണ്ടായിരുന്നില്ല. പട്ടാണിത്തെരുവിലായിരുന്നു മദ്റസ.

പാലക്കാട് ജില്ലയിലെ ഏക പ്രാദേശിക ജമാഅത്തും അന്ന് ടൗണിലാണുണ്ടായിരുന്നത്. എസ്.എം ഹനീഫ് സാഹിബായിരുന്നു അമീർ. ടൈലർ മുഹമ്മദ് സാഹിബ് പ്രാദേശിക ജമാഅത്തിൽ അംഗമായിരുന്നു. ജമാഅത്തിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന, പാലക്കാട്ടെ സജീവ പ്രവർത്തകനും മികച്ച പ്രസംഗകനുമായിരുന്നു എസ്.എം ഹനീഫ് സാഹിബ്. മുസ്‌ലിംലീഗിന്റെ സംസ്ഥാന നേതാവും ലീഗ് വേദികളിലെ കഴിവുറ്റ പ്രസംഗകനുമായിരുന്നു അദ്ദേഹം. എസ്.എം പ്രസംഗിക്കാനെത്തുന്ന വേദികളിൽ അനൗൺസറായിരുന്നു സി.എച്ച് മുഹമ്മദ്

**ജമാഅത്തിന്റെ നേതൃനിരയിൽ ഉണ്ടായിരുന്ന, പാലക്കാട്ടെ സജീവ പ്രവർത്തകനും മികച്ച പ്രസംഗകനുമായിരുന്നു എസ്.എം ഹനീഫ് സാഹിബ്. മുസ്‌ലിംലീഗിന്റെ സംസ്ഥാന നേതാവും ലീഗ് വേദികളിലെ കഴിവുറ്റ പ്രസംഗകനുമായിരുന്നു അദ്ദേഹം. എസ്.എം പ്രസംഗിക്കാനെത്തുന്ന വേദികളിൽ അനൗൺസറായിരുന്നു സി.എച്ച് മുഹമ്മദ് കോയ. സി.എച്ച് അന്ന് പ്രസംഗിച്ച് തുടങ്ങിയ, നേതാവായിവരുന്ന കാലമാണത്. ഹാജി സാഹിബിന്റെ ഒരു പ്രസംഗമാണ് ജമാഅത്തിനോട് ശക്തിയായ എതിർപ്പുണ്ടായിരുന്ന എസ്.എമ്മിനെ മുസ്‌ലിംലീഗിൽനിന്ന് ജമാഅത്തിലെത്തിച്ചത്.**



എ. ഹുസൈനാർ



എ.പി അബ്ദുല്ല



ഹൈദർ മൂപ്പൻ

കോയ. സി.എച്ച് പ്രസംഗിച്ച് തുടങ്ങിയ, നേതാവായിവരുന്ന കാലമാണത്. ഹാജി സാഹിബിന്റെ ഒരു പ്രസംഗമാണ് ജമാഅത്തിനോട് ശക്തിയായ എതിർപ്പുണ്ടായിരുന്ന എസ്.എമ്മിനെ മുസ്‌ലിംലീഗിൽനിന്ന് ജമാഅത്തിലെത്തിച്ചത്.

എസ്.എം ഹനീഫ് സാഹിബിന്റെ സുഹൃത്തും മുസ്‌ലിം ലീഗ് പ്രവർത്തകനുമായിരുന്നു ഇ.എസ്.എം ഹനീഫ് സാഹിബ്. പാലക്കാട്ടെ ജമാഅത്ത് പ്രവർത്തകർ ഒരിക്കൽ ഹാജി സാഹിബിന്റെ ഒരു പ്രസംഗം അവിടെ സംഘടിപ്പിച്ചിരുന്നു. ഹാജി സാഹിബിന്റെ കാലത്തുതന്നെ ജമാഅത്തിന് പ്രവർത്തകരുണ്ടായിരുന്ന സ്ഥലമാണത്. ഹാജി സാഹിബ് പ്രസംഗിക്കാൻ വരുന്നതറിഞ്ഞ ഇ.എസ്.എം ഹനീഫ് സാഹിബ് ലീഗിലെ തന്റെ സഹപ്രവർത്തകനായ എസ്.എം ഹനീഫ് സാഹിബിനെ പ്രസംഗം കേൾക്കാൻ വിളിച്ചു. എസ്.എമ്മിന് ജമാഅത്തിനോട് വലിയ എതിർപ്പായിരുന്നു. 'നമുക്ക് പ്രസംഗം കേട്ട് ശരിയും തെറ്റുമൊക്കെ മനസ്സിലാക്കാം' എന്നു പറഞ്ഞ് ഇ.എസ്.എം നിർബന്ധിച്ചപ്പോൾ എസ്.എം കൂടെ പോയി. ഹാജിസാഹിബിന്റെ പ്രസംഗം കേട്ടപ്പോൾ എസ്.എമ്മിന്റെ മനസ്സിൽ പുതിയൊരു ചിന്തയുണ്ടായി. ജമാഅത്തിനെ കുറിച്ച് കൂടുതലറിയണം എന്നായി ആഗ്രഹം. അദ്ദേഹം ജമാഅത്തിനെ പഠിക്കാൻ തുടങ്ങി; ഒപ്പം മുസ്‌ലിം ലീഗിൽനിന്ന് പതുക്കെ അകന്നുകൊണ്ടിരുന്നു. അൽപകാലത്തിനകം എസ്.എം മുസ്‌ലിം ലീഗ് വിട്ട് ജമാഅത്തിലെത്തി. ഇ.എസ്.എം ലീഗിൽതന്നെ തുടർന്നു. ജമാഅത്തിന്റെ സജീവ പ്രവർത്തകനും നേതൃനിരയിലുണ്ടായിരുന്ന ആളുമാണ് എസ്.എം ഹനീഫ് സാഹിബ്. കേരള ശൂറായിലും ശാന്തപുരം ഇസ്‌ലാമിക് മിഷൻ ട്രസ്റ്റിലും അദ്ദേഹം അംഗമായിരുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ നടത്തിപ്പിൽ സജീവ പങ്കാളിയുമായിരുന്നു. എസ്.എം സാമ്പത്തികമായി സുസ്ഥിതിയുള്ള ആളായിരുന്നു. ഹൽവാ കച്ചവടമായിരുന്നു പ്രധാന തൊഴിൽ.

ആലത്തൂരിലെ പോലെതന്നെയായിരുന്നു ഏറെക്കുറെ പാലക്കാട് ടൗണിലെയും അവസ്ഥ. എസ്.എം ഒഴികെയുള്ള പ്രവർത്തകരേറെയും ദരിദ്രരായിരുന്നു. ടൈലർ മുഹമ്മദ്, ബി.എ മുഹമ്മദ്, അബ്ദുൽ ഖാദിർ, ഉസ്മാൻ, കരീം, കാസിം തുടങ്ങി കുറേ പ്രവർത്തകരുണ്ടായിരുന്നു. ആറാം നമ്പർ ബീഡി കമ്പനിയുടെ ഉടമ നൂർ മുഹമ്മദ് സാഹിബ് സമ്പന്നനും ജമാഅത്ത് അനുഭാവിയുമായിരുന്നു.

ആലത്തൂരിലെപ്പോലെ മദ്റസാ സമയം കഴിഞ്ഞാൽ ടൗണിന്റെ പല ഭാഗങ്ങളിലും സമീപ പ്രദേശങ്ങളിലും സ്ക്വാഡുകൾ പോകും. ജനങ്ങളുമായി സംസാരിക്കും. ബീഡി കമ്പനികളിൽ പോയി ബീഡി തെറുപ്പുകാരുമായി സംസാരിക്കും. അടുത്ത പ്രദേശങ്ങളിലൊക്കെ ക്ലാസ്സുകൾ നടത്തിയിരുന്നു. പാലക്കാട് ഫർഖക്കു

കീഴിലായിരുന്നു അന്ന് ആലത്തൂരിലെയും മറ്റു സ്ഥലങ്ങളിലെയും ഹൽഖകൾ. ആലത്തൂരിൽ മാത്രമാണ് അന്ന് ഹംദർദ് ഹൽഖ ഉണ്ടായിരുന്നത്. ഇന്നത്തെ കാർകുൻ ഹൽഖയുടെ സ്ഥാനത്താണ് അന്ന് ഹംദർദ് ഹൽഖ. വേറെ ചില സ്ഥലങ്ങളിൽ മുത്തഫിഖ് ഹൽഖകൾ ഉണ്ടായിരുന്നെങ്കിലും ഒന്നും വ്യവസ്ഥാപിതമായിരുന്നില്ല. വടക്കാഞ്ചേരി, പഴമ്പിലാക്കോട്, പറളിക്കടുത്ത കോങ്ങാട് തുടങ്ങിയ സ്ഥലങ്ങളിലാണ് മുത്തഫിഖ് ഹൽഖകളുണ്ടായിരുന്നത്. പിന്നെ ചില ഒറ്റപ്പെട്ട പ്രവർത്തകരും. ഇതാണ് 1966ൽ പാലക്കാട്ടെ ജമാഅത്ത്.

മദ്റസയുടെ ഒരു വാർഷികം അക്കാലത്ത് സംഘടിപ്പിക്കുകയുണ്ടായി. ആ പ്രദേശത്ത് അതൊരു പുതിയ അനുഭവമായിരുന്നു. കുട്ടികളുടെ പാട്ടുകളും പ്രസംഗങ്ങളും മറ്റും രക്ഷിതാക്കൾക്കും നാട്ടുകാർക്കും ഏറെ ഇഷ്ടപ്പെട്ടു. അവർ നമ്മളുമായി കൂടുതൽ അടുക്കാൻ വാർഷികം വഴിവെച്ചു. വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മദ്റസക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ടാകണം എന്ന് നമുക്ക് ആഗ്രഹമുണ്ടായിരുന്നു. അപ്പോഴാണ് പട്ടാണി സ്ട്രീറ്റിലെ എസ്.എം ബക്കർ സാഹിബിന്റെ തറവാട് വിൽക്കാനുണ്ടെന്ന വിവരമറിഞ്ഞത്. രണ്ടു നിലകളുള്ള വലിയൊരു കെട്ടിടമായിരുന്നു അത്. എസ്.എം ഹനീഫ് സാഹിബ് ഹജ്ജിനു പോയതിനാൽ ടൈലർ മുഹമ്മദ് സാഹിബായിരുന്നു ആക്ടിംഗ് അമീർ. ബിൽഡിംഗ് വാങ്ങാൻ തീരുമാനിച്ചു. നൂർ മുഹമ്മദ് സാഹിബ് പണം കൊടുത്തു വീട് വാങ്ങി. എസ്.എം ഹജ്ജ് കഴിഞ്ഞ് വന്നശേഷം പിരിവെടുത്തോ മറ്റോ കടം വീട്ടാം എന്നായിരുന്നു ധാരണ. പക്ഷേ, സാമ്പത്തിക പ്രയാസം കാരണം അത് സാധിച്ചില്ല. അവസാനം ബിൽഡിംഗ് വിൽക്കേണ്ടിവന്നു. പിന്നീട് നൂർ മുഹമ്മദ് സാഹിബ് തന്നെ പണം കൊടുത്ത് മറ്റൊരു സ്ഥലം വാങ്ങി മദ്റസ പണിതു. ഇന്ന് മദ്റസയും അറബിക്കോളേജും സ്ഥിതി ചെയ്യുന്ന സ്ഥലമായിരുന്നു അത്. അദ്ദേഹം ഉണ്ടാക്കിയതാണ് മദ്റസത്തുന്നൂർ.

ആദ്യം മദ്റസ പ്രവർത്തിച്ചിരുന്നതിന് അടുത്ത് മറ്റൊരു കെട്ടിടത്തിന്റെ മുകളിലായിരുന്നു അന്ന് ജമാഅത്ത് ഓഫീസ്. അതും വാടകക്കായിരുന്നു. താഴെ ഒരു ചെമ്പു കടയും ചായക്കടയുമുണ്ടായിരുന്നു. ചെമ്പുകടയിൽ പണി തുടങ്ങിയാൽ ചെമ്പിൽ മുട്ടുന്ന വലിയ ശബ്ദം മുകളിലേക്ക് കേൾക്കും, വല്ലാത്ത ബഹളമായിരുന്നു. പക്ഷേ നമ്മുടെ യോഗങ്ങൾ നടക്കുന്ന രാത്രി സമയത്ത് മിക്കവാറും കട അടച്ചിട്ടുണ്ടാകും. മദ്റസയിലോ ഓഫീസിലോ പ്രാഥമിക സൗകര്യങ്ങളൊന്നും ഉണ്ടായിരുന്നില്ല. പള്ളിയിലേക്കുള്ള വഴിയിലെ എസ്.എം ഹനീഫ് സാഹിബിന്റെ ഹൽവയുണ്ടാക്കുന്ന കെട്ടിടത്തിലായിരുന്നു ടോയ്‌ലറ്റ്. അവിടെയുള്ള കിണറിൽനിന്ന് വെള്ളം കോരി കുളിക്കും. അദ്ദേഹം കെട്ടിടത്തിന്റെ ഒരു താക്കോൽ എനിക്ക് തരികയായിരുന്നു.

അക്കാലത്താണ് എനിക്ക് പനി പിടിച്ചത്. പുതുതെരുവിലെ കുളത്തിൽനിന്ന് ഇടക്ക് കുളിക്കാറുണ്ടായിരുന്നു. പാലക്കാട് തുറസിലെ കാറ്റടിക്കുന്ന സ്ഥലമായിരുന്നു അത്. ആനമല, പശ്ചിമഘട്ടം എന്നീ രണ്ട് മലകൾക്കിടയിലൂടെയാണ് വടക്കേ ഇന്ത്യയിലേക്കുള്ള വഴി. കോയമ്പത്തൂരിലേക്കും മറ്റും പോകുന്നത് ആ വഴിക്കാണ്. ആനമലക്കും പശ്ചിമഘട്ടത്തിനും ഇടക്കുള്ള സ്ഥലമാണ് പാലക്കാട് തുറസ്. അതുവഴി നല്ല കാറ്റ് വീശുമായിരുന്നു. തുറസിലെ കാറ്റ് സൂക്ഷിക്കണം, അസുഖം വരും എന്ന് എസ്.എം പറഞ്ഞിരുന്നു. പക്ഷേ ഞാനത് ഗൗരവത്തിലെടുത്തിരുന്നില്ല.

പനി പിന്നീട് ടൈഫോയ്ഡായി. ആകെ ക്ഷീണിച്ച് അവശനായി. തലയിലെ മുടിയെല്ലാം കൊഴിഞ്ഞു. ഡോക്ടറെ കാണിച്ചു. എസ്.എമ്മിന്റെ വീട്ടിലായിരുന്നു പനിച്ച് കിടന്നത്. എന്റെ വീട്ടുകാരെ അറിയിച്ചില്ല. ജ്യേഷ്ഠൻ അബ്ദുപ്പ മൗലവിയെ മാത്രം അറിയിച്ചു. അദ്ദേഹം വന്ന് കണ്ട് തിരിച്ചുപോയി.

പാലക്കാട്ടെ എപ്പോഴും ചലിക്കുന്ന പ്രവർത്തകനായിരുന്നു കാസിം സാഹിബ്. വെറുതെ ഇരിക്കാൻ അദ്ദേഹത്തിന് കഴിയില്ല. സഞ്ചരിച്ചുകൊണ്ടിരിക്കും. പ്രസ്ഥാനത്തിന്റെ സന്ദേശം ജനങ്ങളിലെത്തിക്കാൻ വലിയ ആവേശമായിരുന്നു. ആളുകളുടെ വലുപ്പചെറുപ്പമൊന്നും പരിഗണിക്കാറുണ്ടായിരുന്നില്ല. എല്ലാതലത്തിലുള്ളവരെയും സമീപിക്കും.

സാധനങ്ങൾ വീടുകളിൽ കൊണ്ടുപോയി വിൽക്കലായിരുന്നു അദ്ദേഹത്തിന്റെ ജോലി. ഒപ്പം *പ്രബോധനം*, *റേഡിയൻസ്* വീക്കിലി, പത്രങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയും വീടുകളിൽ എത്തിക്കും. സമ്പന്നരോടും ഉയർന്ന ഉദ്യോഗസ്ഥരോടുമൊക്കെ അടുത്ത ബന്ധമുണ്ടായിരുന്നു കാസിം സാഹിബിന്. പാലക്കാട് ഭാഗത്തെ പ്രധാനികളെയൊക്കെ അദ്ദേഹത്തിന് അറിയാമായിരുന്നു. പി.സി.ടി ബസ് ഉടമ ഖാദർഷ, മറ്റൊരു പൗരപ്രമുഖനായിരുന്ന കെ.എ ഖാദർഷ, റെയിൽവേയിലെ ഹെഡ് ക്ലർക്ക് സുലൈമാൻ സാഹിബ്, അഡ്വ. അബ്ദുൽ കരീം, ജില്ലാ ഫോറസ്റ്റ് ഓഫീസർ (ഡി.എഫ്.ഒ) തുടങ്ങിയവരുമൊക്കെയായി അദ്ദേഹം ബന്ധം സ്ഥാപിച്ചിരുന്നു. ദക്ഷിണ കേരളത്തിലെ റെയിൽവേ കേന്ദ്രങ്ങളിലൊന്നായിരുന്നതുകൊണ്ട് ഒലവക്കോട് ധാരാളം ഉയർന്ന ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. ചന്ദ്രാനഗർ മുതലാളിമാർ താമസിക്കുന്ന മേഖലയായിരുന്നു. അവിടെയും കാസിം സാഹിബ് പോകും. അദ്ദേഹത്തോടൊപ്പം ഞാനും. ക്ലാസ്സുകൾ നടത്തും. ഒലവക്കോട്ട് ജമാഅത്തിന് കുറച്ച് സഹകാരികളും ഒരു മുത്തഫിഖ് ഹൽഖയും ഉണ്ടായിരുന്നു. അവിടെ റെയിൽവേ സ്റ്റേഷനടുത്ത് ഒരു പള്ളിയുണ്ടായിരുന്നു. മുജാഹിദ് അനുഭാവിയും സമ്പന്നനുമായ കെ.പി മുഹമ്മദ് സാഹിബ് നിർമിച്ചതാണ്. മുജാഹിദുകളായിരുന്നു പള്ളിക്ക് നേതൃത്വം കൊടുത്തത്. അവിടത്തെ ഖത്വീബ് ജമാഅത്തിനോട് നല്ല അനുഭാവമുള്ള ആളായിരുന്നു.

മറ്റൊരു പ്രവർത്തകനുണ്ടായിരുന്നു; 'ചിന്താസ്' എന്നാണ് അദ്ദേഹത്തെ വിളിച്ചിരുന്നത്. നന്നായി വായിക്കുകയും 'ചിന്തിക്കുക'യും ചെയ്തിരുന്ന ആളായിരുന്നു, സംസാരപ്രിയനും. അതുകൊണ്ടാണ് 'ചിന്താസ്' എന്ന് വിളിച്ചിരുന്നത്. അന്ന് സ്ത്രീകളും പഠനതൽപരരായിരുന്നു. ആഴ്ചതോറും സ്ത്രീകൾക്ക് ഖുർആൻ ക്ലാസ് സംഘടിപ്പിച്ചിരുന്നു. ഇരുപത്തിയഞ്ചോളം പേർ പങ്കെടുക്കും. അവരുടെ നോട്ടുബുക്കുകളിൽ ആയത്തുകളും അർഥവുമൊക്കെ എഴുതിക്കൊടുക്കാറായിരുന്നു പതിവ്.

(തുടരും)

sadarvzkd@yahoo.co.in